**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 696** **17-09-2025 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 2016-ന് ശേഷം എത്ര ആശ്രിത നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇവരുടെ പേരും തസ്തികയും നിയമനം നടത്തിയ തീയതിയും വ്യക്തമാക്കാമോ; | (എ) | വൈദ്യുതി വകുപ്പിനു കീഴിലുള്ള കെ.എസ്.ഇ.ബി ലിമിറ്റഡിലെ വിവിധ കാര്യാലയങ്ങളിലേക്കായി വിവിധ തസ്തികകളിൽ 2016-ന് ശേഷം നാളിതുവരെ 474 പേരെ ആശ്രിത നിയമന വ്യവസ്ഥവഴി നിയമനം നൽകിയിട്ടുണ്ട്. ഇപ്രകാരം നിയമിച്ചവരുടെ പേരും തസതികയും നിയമനം നടത്തിയ തീയതിയും **അനുബന്ധം** I ആയി ചേർത്തിട്ടുണ്ട്.<br><br>2016-ന് ശേഷം വൈദ്യുതി വകുപ്പിനു കീഴിലുള്ള അനെർട്ടിൽ രണ്ട് ആശ്രിതനിയമനങ്ങൾ നല്കിയിട്ടുണ്ട്. ഇവരുടെ പേരും തസ്തികയും **അനുബന്ധം II** ആയി ചേർത്തിട്ടുണ്ട്. വൈദ്യുതി വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിൽ പ്രസ്തുത കാലയളവിൽ ആശ്രിത നിയമനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. |
| (ബി) | ഓരോ സ്ഥാപനത്തിലെയും ആശ്രിത നിയമനവ്യവസ്ഥകൾ എപ്രകാരമാണെന്നും ഈ നിയമങ്ങൾ പാലിച്ചാണോ അതാത് സ്ഥാപനങ്ങൾ നിയമനം നടത്തിയതെന്നും നിയമനവ്യവസ്ഥകൾ പാലിക്കാത്ത ഏതെങ്കിലും സ്ഥാപനം നിലവിലുണ്ടോയെന്നും അറിയിക്കുമോ; ഇത്തരം ആശ്രിത നിയമനത്തിന്മേൽ പ്രസ്തുത സ്ഥാപനവും സർക്കാരും എടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി ലിമിറ്റഡിലെ ആശ്രിത നിയമനങ്ങൾ 29.04.1985-ലെ വിജ്ഞാപനം നമ്പർ PS.I.3146/83 വിജ്ഞാപനവും അനുബന്ധ ഉത്തരവുകളും പ്രകാരമുള്ള നിയമന വ്യവസ്ഥകൾ പാലിച്ചാണ് നാളിതുവരെ നടത്തുന്നത്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് **അനുബന്ധം III** ആയി ചേർത്തിട്ടുണ്ട്. നിലവിലെ നിയമന വ്യവസ്ഥകൾ പാലിക്കാതെ കെ.എസ്.ഇ.ബി ലിമിറ്റഡിൽ ആശ്രിത നിയമനങ്ങൾ നടത്തിയിട്ടില്ല.<br><br>അനെർട്ടിൽ നിലവിലുള്ള ആശ്രിതനിയമന അപേക്ഷകൾ, ആശ്രിതനിയമനത്തെ സംബന്ധിച്ച് നിലവിലുള്ള പൊതുവായ നിബന്ധനകളുടെയും 06/09/2011-ലെ 2922/പി.എസ്2/11-സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുവാൻ 04/02/2016-ലെ 8137/പി.എസ്2/2015-ഊ.വ കത്ത് പ്രകാരം സർക്കാർ നിർദേശം നല്കിയിട്ടുണ്ട് . മേൽ |

| | | | |
|---|---|---|---|
| | | | പരമാർശിച്ചിരിക്കുന്ന സർക്കാർ കത്തുകളുടെ പകർപ്പ് **അനുബന്ധം IV** ആയി ചേർത്തിട്ടുണ്ട്.<br><br>പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം അനെർട്ടിന്റെ 46-മത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, അനുവദനീയമായ തസ്തികയുടെ 5%-ത്തിൽ കവിയാത്ത രീതിയിൽ നിയമനം നടത്താവുന്നതാണെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും, ശ്രീമതി.ആർ.അർച്ചന, ശ്രീ.അരുൺ ഫ്രാൻസിസ് എന്നിവർക്ക് യഥാക്രമം ഓഫീസ് അസിസ്റ്റൻറ്, ഫീൽഡ് അസിസ്റ്റൻറ് തസ്തികകളിൽ നിയമനം നൽകുയും ചെയ്തിട്ടുണ്ട്. |
| (സി) | കോടതിവിധി പ്രകാരം എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ; ആശ്രിത നിയമനത്തിന് സർക്കാർ തലത്തിലുള്ള നിയമനവ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | വൈദ്യുതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ ആശ്രിതനിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല . |
| (ഡി) | കെ.എസ്.ഇ.ബി-യിൽ ആശ്രിത നിയമനം നടത്തുന്നതിന് 2024-ന് ശേഷം മന്ത്രി തലത്തിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | വൈദ്യുതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ആശ്രിത നിയമനം നടത്തുന്നതിന് 2024-ന് ശേഷം മന്ത്രി തലത്തിൽ തീരുമാനം എടുത്തിട്ടില്ല.<br><br>എന്നാൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 22.10.2024 ന് നടത്തിയ മീറ്റിംഗിലെ തീരുമാനം കണക്കിലെടുത്ത് BO (DB) No. 422/2025 (PS1 (B)/ Compassionate Appointment – OA/2024/18.07.2025 തീയതി പ്രകാരം ആശ്രിത നിയമനം വഴി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 130 പേർക്ക് നിയമനം നൽകാൻ തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ